# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 8093 24/7/2012 ൽ മറുപടി

## വനം സംബന്ധമായ കേസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത് : | | ശ്രീ.കെ.ബി.ഗണേഷ്കുമാർ. (വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഹൈക്കോടതിയിലും വിവിധ കീഴ്ക്കോടതികളിലുമായി വനം സംബന്ധമായി ഉണ്ടായിരുന്ന എത്ര കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ടെന്നും ഇതിൽ എത്ര കേസുകൾ സർക്കാരിന് അനുകൂലമായി വിധിച്ചിട്ടുണ്ടെന്നും കോടതികൾ തിരിച്ച് വ്യക്തമാക്കുമോ ; | (എ) | വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | കോടതി ഉത്തരവ് പ്രകാരം വനഭൂമി വിട്ടു കൊടുക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഹെക്ടർ ഭൂമി വിട്ടു കൊടുക്കേണ്ടതായി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | നെന്മാറ ഡിവിഷനു പരിധിയിൽ പാട്ടത്തിനു കൊടുത്ത വനഭൂമിയിൽ പാട്ടക്കാരാർ ലംഘനം കണ്ടെത്തിയതിനെ തുടർന്ന് സർക്കാർ ഏറ്റെടുത്ത വനഭൂമിയിൽ 278.80 ഏക്കർ ചെറുനെല്ലി എസ്റ്റേറ്റിനും ഒഴിപ്പിച്ചെടുത്ത കയ്യേറ്റ വനഭൂമിയിൽ 133.55 ഏക്കർ രവിവർമ്മ എസ്റ്റേറ്റിനും (സീനത്ത് എസ്റ്റേറ്റ്) കോടതി ഉത്തരവുപ്രകാരം വിട്ടുകൊടുത്തിട്ടുണ്ട്. |
| (സി) | മുൻസിഫ് മജിസ്ട്രേറ്റ് കോടതികളിലും ജില്ലാ കോടതികളിലും കേസുകൾ പരാജയപ്പെടുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ എന്താണെന്ന് കണ്ടെത്താൻ വിലയിരുത്തൽ നടത്താറുണ്ടോ ; | (സി) | ഉണ്ട് . മുൻസിഫ് മജിസ്ട്രേറ്റ് കോടതികളിലും ജില്ലാകോടതികളിലും പരാജയപ്പെടുന്ന കേസുകളിൽ കാരണം കണ്ടെത്തി അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അനധികൃത മരം മുറിക്കലും വനം കയ്യേറലും സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിൽ സർക്കാർ അഭിഭാഷകർ വേണ്ടത്ര ജാഗ്രത കാട്ടുന്നുണ്ടോ ; | ഡി) | ഉണ്ട്. |
| (ഇ) | കേസുകൾ കൈകാര്യം ചെയ്യുന്നതിനെക്കുറിച്ച് നിയമവകുപ്പുമായി കൂടിയാലോചന നടത്തിയും സർക്കാർ അഭിഭാഷകരുടേയും വനം വകുപ്പ് ഉദ്യോഗസ്ഥരുടേയും സംയുക്തയോഗങ്ങൾ സംഘടിപ്പിച്ചും വനം കേസുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ ; | (ഇ) | നിയമവകുപ്പുമായി കൂടിയാലോചന നടത്തിയും സർക്കാർ അഭിഭാഷകരുടേയും ഉദ്യോഗസ്ഥരുടേയും സംയുക്ത യോഗങ്ങൾ സംഘടിപ്പിച്ചും വനം കേസ്സുകൾ കോടതികളിൽ ഫലപ്രദമായി കൈകാര്യം ചെയ്തുവരുന്നു. |
| (എഫ്) | ഏതെങ്കിലും സർക്കാർ അഭിഭാഷകർ കൈകാര്യം ചെയ്യുന്ന വനം കേസ്സുകൾ തുടർച്ചയായി പരാജയപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; | (എഫ്) | ഇല്ല. |
| (ജി) | വനം കേസുകൾ കാര്യക്ഷമതയോടെ കൈകാര്യം ചെയ്യാൻ അഭിഭാഷകർക്ക് കഴിയുന്നുണ്ടോ ; ഇല്ലെങ്കിൽ ഈ വിഷയം നിയമവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ? | (ജി) | ഉണ്ട്. വനം കേസുകൾ കാര്യക്ഷമതയോടെ കൈകാര്യം ചെയ്യാൻ അഭിഭാഷകർക്ക് കഴിയുന്നില്ല എന്ന് കണ്ടാൽ നിയമവകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തുന്നതാണ്. |

സെക്ഷൻഓഫീസർ

അനുബന്ധം

## ഈ സർക്കാർ അധികാരമേറ്റശേഷം ഹൈക്കോടതിയിലും വിവിധ കീഴ്ക്കോടതികളിലുമായി വനംസംബന്ധമായി തീർപ്പാക്കിയ കേസ്സുകളിൽ സർക്കാരിനനുകൂലമായി തീർപ്പാക്കിയ കേസ്സുകളുടെ കോടതികൾ തിരിച്ചുള്ള വിവരം

| നം. | സർക്കിൾ | തീർപ്പാക്കിയ മൊത്തം കേസ്സുകൾ | സർക്കാരിനനുകൂലമായി തീർപ്പാക്കിയ കേസ്സുകൾ | അനുകൂലമായി വിധിച്ച കേസുകളുടെ കോടതി തിരിച്ചുള്ള വിവരം |
|---|---|---|---|---|
| 1 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, വൈൽഡ്ലൈഫ്, പാലക്കാട് | 50 | 13 | ഹൈക്കോടതി - 02<br>JFMC I സുൽത്താൻ ബത്തേരി - 10<br>JFMC ചിറ്റൂർ - 1 |
| 2 | ഫീൽഡ് ഡയറക്ടർ പ്രോജക്ട് ടൈഗർ, കോട്ടയം | 08 | 08 | ഹൈക്കോടതി - 06<br>ജില്ലാ കോടതി, തൊടുപുഴ - 01<br>വെക്കേഷൻ കോടതി, കട്ടപ്പന -01 |
| 3 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സതേൺ സർക്കിൾ, കൊല്ലം | 20 | 11 | ഹൈക്കോടതി - 02<br>JFMC I റാന്നി -05<br>JFMC I, പത്തനംതിട്ട - 02<br>JFMC II, പത്തനംതിട്ട - 01<br>മുൻസിഫ് കോടതി, പുനലൂർ-01 |
| 4 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സെൻട്രൽ സർക്കിൾ, തൃശൂർ | 29 | 11 | ഹൈക്കോടതി -02<br>JFMC ചാലക്കുടി -06<br>സബ്കോടതി, ഇരിഞ്ഞാലക്കുട -01<br>JFMC വടക്കാഞ്ചേരി -02 |
| 5 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നോർത്തേൺ സർക്കിൾ, കണ്ണൂർ | 104 | 42 | ഹൈക്കോടതി -09<br>അഡീഷണൽ സെഷൻസ് കോർട്ട്, വടകര-1<br>JFMC കൂത്തുപറമ്പ്-5<br>JFMC മട്ടന്നൂർ-1<br>JFMC മാനന്തവാടി-3<br>JFMC കാസർഗോഡ്-1<br>JFMC ഹോസ്ദുർഗ്ഗ്-5<br>JFMC നാദാപുരം-3<br>JFMC താമരശ്ശേരി-5<br>ഫോറസ്റ്റ് ട്രൈബ്യൂണൽ,കോഴിക്കോട് -09 |

| | | | | |
|---|---|---|---|---|
| 6 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 55 | 33 | ഹൈക്കോടതി -07<br>ജില്ലാ കോടതി, തൊടുപുഴ - 12<br>സബ്കോടതി , തൊടുപുഴ -01<br>മുൻസിഫ് കോടതി, തൊടുപുഴ -02<br>സെഷൻസ് കോടതി, തൊടുപുഴ -02<br>അഡീഷണൽ സെഷൻസ് കോടതി, II തൊടുപുഴ -01<br>JFMC ദേവികുളം -06<br>JFMC അടിമാലി -01<br>JFMC ഇടുക്കി -01 |
| 7 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 47 | 32 | ഹൈക്കോടതി -05<br>ജില്ലാ കോടതി -02<br>മുൻസിഫ് കോടതി -01<br>JFMC പാലക്കാട് -01<br>JFMC മഞ്ചേരി -04<br>ഫോറസ്റ്റ് ട്രൈബ്യൂണൽ -17<br>സബ്കോടതി, മഞ്ചേരി -02 |
| | **ആകെ** | **313** | **150** | |

സെക്ഷൻ ഓഫീസർ